# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **4922** 24.07.15 -ൽ മറുപടിക്ക്

**മലമ്പുഴ ജലസേചന പദ്ധതിയുടെ പുറമ്പോക്ക് ഭൂമി പാലക്കാട് മേഴ്സി കോളേജിന് വിട്ടു നൽകൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. **മോൻസ് ജോസഫ്** | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മലമ്പുഴ ജലസേചന പദ്ധതിയുടെ പുറമ്പോക്ക് ഭൂമി പാലക്കാട് മേഴ്സി കോളേജിന് കൈമാറുന്നത് സംബന്ധിച്ച് ജലസേചന വകുപ്പിന്റെ കൈവശമുള്ള 2689/ഐ.ആർ./2012/ഡബ്ല്യൂ.ആർ., 3692/ഐ.ആർ./2014/ഡബ്ല്യൂ. ആർ. എന്നീ ഫയലുകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; പ്രസ്തുത ഫയലുകളിന്മേൽ തീർപ്പ കൽപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) & (ബി) മലമ്പുഴ ജലസേചന പദ്ധതിയുടെ പുറമ്പോക്ക് ഭൂമി പാലക്കാട് മേഴ്സി കോളേജിന് പാട്ടത്തിന് നൽകുന്ന വിഷയം ജലസേചന വകുപ്പിന്റെ 26589/ഐആർ1/2012/ജവിവ നമ്പർ ഫയലിലാണ് കൈകാര്യം ചെയ്തത്. ജലവിഭവ വകുപ്പിന്റെ 2014 ലെ 3692 എന്ന തപാൽ ഈ ഫയലിന്റ ഭാഗമാണ്.ഭൂമി പാട്ടത്തിന് നൽകാൻ ആക്ഷേപമില്ല എന്നറിയിച്ചുകൊണ്ട് ഈ ഫയൽ റവന്യൂ വകുപ്പിലേയ്ക്ക് കൈമാറിയിട്ടുണ്ട് ആവശ്യം റവന്യൂ വകുപ്പിൽ 21214/എൽ1/2014/റവ നമ്പർ ഫയലിൽ പരിഗണിച്ചു വരികയാണ്. പ്രസ്തുത ഭൂമി മേഴ്സി കോളേജ് അധികാരികൾ ജലസേചന വകുപ്പിന് വിട്ടുനൽകിയിട്ടുള്ളതാണ് എന്ന് ജലവിഭവ വകുപ്പിനെ അറിയിക്കുന്ന റവന്യൂ രേഖകൾ ലഭ്യമായി കാണുന്നില്ല. മേഴ്സി കോളേജ് അധികൃതർ പാട്ടത്തിന് ആവശ്യപ്പെട്ട സ്ഥലത്ത് കാലാകാലങ്ങളായി നിരവധി കൈയ്യേറ്റങ്ങളും കുടിയിരുപ്പുകളും ഉണ്ട്. പരിസരവാസികളും കൈയ്യേറ്റക്കാരും രാഷ്ട്രീയ പാർട്ടികളും ടി സ്ഥലം പാട്ടത്തിന് നൽകരുത് എന്ന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി കൈയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ക്രമസമധാന പ്രശ്നങ്ങൾക്ക് സാധ്യതയുണ്ട് ടൗൺ സർവേയറും ജലസേചന വകുപ്പ് അധികൃതരും സംയുക്തമായി ടി സ്ഥലം കേരള ഭൂസംരക്ഷണ നിയമപ്രകാരം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത ഭൂമി മേഴ്സി കോളേജ് അധികാരികൾ ജലസേചന വകുപ്പിന് വിട്ടുതന്നിട്ടുള്ളതും ഇപ്പോൾ പുറമ്പോക്ക് ഭൂമിയായി കിടക്കുന്നതുമാണെന്ന വസ്തുത റവന്യൂ അധികാരികൾ അറിയിച്ചിട്ടുണ്ടോ ; ഈ ഭൂമി കൈമാറുന്നതിനുള്ള പ്രധാന തടസ്സം വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ

JSK/